# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നംമ്പർ : 2625/11/12/2023/ TVM**

പരാതികക്ഷി : രാധ.എ,തോട്ടരികത്ത് വീട്
വെങ്ങാനൂർ,തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 03.04.2024**

പരാതികക്ഷി കേരളാ ബാങ്ക് വിഴിഞ്ഞം ശാഖയിൽ നിന്നും 2019 ൽ 7 ലക്ഷം രൂപ വായ്പ എടുത്തിരുന്നതായും, 05.04.2021 വരെ തവണകൾ അടച്ചിരുന്നതായും, അതിനുശേഷം രോഗബാധിത ആയതിനാൽ വായ്പാ തിരിച്ചടവിൽ മുടക്കം വന്നതായും, ഇപ്പോൾ ബാങ്ക് റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ വായ്പ് കുടിശ്ശിക അടച്ചു തീർക്കാനുള്ള സാവകാശം അനുവദിക്കണമെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ കേരളാ സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്ക് വിഴിഞ്ഞം ശാഖാ മാനേജർ ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതിക്കാരി 27.03.2019 തീയതി 7 ലക്ഷം രൂപ വായ്പ എടുത്തിരുന്നതായും വായ്പയിൽ നാളിതുവരെ 160,000/-രൂപ അടവ് വന്നിട്ടുണ്ടെന്നും, നിലവിൽ ജാമ്യ വസ്തു കൈവശമെടുക്കുവാൻ നോട്ടീസും പത്ര പരസ്യവുമായിട്ടുണ്ടെന്നും റിപ്പോർട്ടിൽ കാണുന്നു.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും ഹർജികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. വായ്പാ കുടിശ്ശിക മുഴുവൻ അടച്ചു തീർക്കാൻ തയ്യാറാണെന്നും രണ്ടു വർഷത്തെ സാവകാശം അനുവദിക്കണമെന്നും പരാതിക്കാരി പറയുകയുണ്ടായി. ആയതിനാൽ പരാതികക്ഷിക്ക് മതിയായ സാവകാശം അനുവദിക്കുന്ന കാര്യം ബാങ്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന ശുപാർശയോടുകൂടി ഈ പരാതി തീർപ്പാക്കുന്നു.

ഒപ്പ്
**കെ.ബൈജുനാഥ്**
**ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ